**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 642** | **09-06-2021 - ൽ മറുപടിയ്ക്ക്**

**പെരുമ്പുഴക്കടവ്- പൂവ്വം പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മൈനർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽപ്പെട്ട പെരുമ്പുഴക്കടവ്- പൂവ്വം പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ; | (എ) | പെരുമ്പുഴക്കടവ് പൂവ്വം പാലത്തിന്റെ നിർമ്മാണത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് സ.ഉ(സാധാ) നം. 10/2019/ സി.എസ്.ഐ.എൻ.ഡി, തീയതി 28/3/2019 പ്രകാരം പാലത്തിന്റെ നിർമ്മാണത്തിനായി 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ചീഫ് എഞ്ചിനിയർ ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജിന്റെ കാര്യാലയത്തിൽ നിന്നും പ്രസ്തുത നിർമ്മാണത്തിനായി സാങ്കേതികാനുമതി നൽകിയിട്ടുള്ളതുമാണ്. തുടർന്ന് ടി പ്രവൃത്തി നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ നിലവിലെ കോസ്റ്റ് ഇൻഡക്സ് പ്രകാരവും ജി.എസ്.ടി തുകയും ഉൾപ്പെടുത്തി പാലം നിർമ്മാണത്തിനായി 450 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനിയർ സമർപ്പിച്ചിട്ടുള്ളതും പ്രപ്പോസൽ നിലവിൽ സർക്കാർ പരിഗണിച്ചു വരികയുമാണ്. |
| (ബി) | പാലത്തിന്റെ നിർമ്മാണ ജോലികൾ പുനരാരംഭിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | പെരുമ്പുഴക്കടവ് പൂവ്വം പാലത്തിന്റെ നിർമ്മാണത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് സ.ഉ(സാധാ) നം. 10/2019/ സി.എസ്.ഐ.എൻ.ഡി, തീയതി 28/3/2019 പ്രകാരം പാലത്തിന്റെ നിർമ്മാണത്തിനായി 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ചീഫ് എഞ്ചിനിയർ ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജിന്റെ കാര്യാലയത്തിൽ നിന്നും പ്രസ്തുത നിർമ്മാണത്തിനായി സാങ്കേതികാനുമതി നൽകിയിട്ടുള്ളതുമാണ്. തുടർന്ന് ടി പ്രവൃത്തി നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ നിലവിലെ കോസ്റ്റ് ഇൻഡക്സ് പ്രകാരവും ജി.എസ്.ടി തുകയും ഉൾപ്പെടുത്തി പാലം നിർമ്മാണത്തിനായി 450 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനിയർ സമർപ്പിച്ചിട്ടുള്ളതും പ്രപ്പോസൽ നിലവിൽ സർക്കാർ പരിഗണിച്ചു വരികയുമാണ്. |
| (സി) | പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ടെണ്ടർ നടപടികൾ പൂർത്തിയായോ; | (സി) | പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പാലത്തിന്റെ നിർമ്മാണ ജോലികൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ